ജില്ലാ കൗൺസിൽ ചേർന്നു

കണ്ണൂർ: പി.എഫ്.ആർ.ഡി.എ നിയമം റദ്ദ് ചെയ്യുക സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കുക, പെൻഷൻകാർക്ക് പ്രത്യേക ചികിത്സാ പദ്ധതി ഉടൻ നടപ്പിലാക്കുക, പെൻഷൻ പരിഷ്ക്കരണ കുടിശിക ഒറ്റത്തവണയായി നൽകുക, കണ്ണൂർ നഗരത്തിന്റെ സമഗ്ര വികസനത്തിന് നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂനിയൻ ജില്ലാ കൗൺസിൽ ആവശ്യപ്പെട്ടു. കെ.എസ്.എസ്.പി.യു സംസ്ഥാന രക്ഷാധികാരി സി.പി. നാരായണൻ നമ്പ്യാർ കൗൺസിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി കെ.പി. രാമകൃഷ്ണൻ സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി പി.വി. പത്മനാഭൻ അഭിവാദ്യം ചെയ്തു. ജില്ലാ പ്രസിഡണ്ട് വി.പി. കൃഷ്ണ പൊതുവാൾ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി. പ്രഭാകരൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

അനുശോചിച്ചു

ആലക്കോട്: സി.പി.ഐ നേതാവും മുൻ മന്ത്രിയുമായ ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ ആലക്കോട് ടൗണിൽ ചേർന്ന സർവ്വകക്ഷി യോഗം അനുശോചിച്ചു. വി.ജി. സോമൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സി. മോഹനൻ, പി.വി. ബാബുരാജ്, കെ.പി. സാബു, ലാലു കുന്നപ്പള്ളി, എം.എ. ഖലീൽറഹ്മാൻ, കെ.എൻ. ചന്ദ്രൻ, കെ. സജി, ബേബി പോത്തനാമല, ടി.കെ. വൽസൻ, സി.പി. സോമൻ, തോമസ് മണ്ണൂർ, കെ. സുമതി, എൻ. കുമാരൻ, ഷൈൻ ജേക്കബ്, കെ.വി. സഖറിയാസ് പ്രസംഗിച്ചു. ജെ.പി. ജോസഫ് സ്വാഗതം പറഞ്ഞു.

ഉദയഗിരി: സി.പി.ഐ നേതാവും മുൻ മന്ത്രിയുമായ ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ ഉദയഗിരിയിൽ ചേർന്ന സി.പി.ഐ യോഗം അനുശോചിച്ചു. സിദ്ധാർത്ഥൻ കിളിർക്കുന്നേൽ അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ അഴകത്ത്, ബേബി ആമക്കാട്ട്, ഷാജൻ ഞവരക്കാട്ട്, ജോസ് കായപ്ലാക്കൽ പ്രസംഗിച്ചു.

വിമുക്തി ബോധവൽക്കരണ ക്ലാസ്

തളിപ്പറമ്പ: എക്സൈസ് വകുപ്പും കേരള സർക്കാരും കരിമ്പം കൾച്ചറൽ സെന്റർ ലൈബ്രറി ആന്റ് റീഡിംഗ് റൂമും സംയുക്തമായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. വിമുക്തി സിവിൽ എക്സൈസ് ഓഫീസർ എം. രാജീവൻ ക്ലാസെടുത്തു. പ്രൊഫ. ബി.കെ.എം. എച്ച്. അൻസാരി അധ്യക്ഷനായി. സി. രാഹുൽ സ്വാഗതവും കെ.എം. മാത്യു നന്ദിയും പറഞ്ഞു.

കെ.എസ്.യു കൺവെൻഷൻ

ആലക്കോട്: ആലക്കോട് എൻ.എസ്.എസ് ഹയർസെക്കണ്ടറി സ്കൂളിലെ കെ.എസ്.യു യൂണിറ്റ് കൺവെൻഷൻ യൂത്ത്കോൺഗ്രസ് ആലക്കോട് മണ്ഡലം പ്രസിഡണ്ട് ഷാജി നന്തിക്കാട്ട് ഉദ്ഘാടനം ചെയ്തു. തരുൺ അധ്യക്ഷത വഹിച്ചു. എബിൻ, ജോസഫ് തലയ്ക്കൽ, അമൽ ഷാജി, ആകാശ് ബെന്നി, പി.എസ്.ബിബിൻ പ്രസംഗിച്ചു. ഭാരവാഹികളായി അഞ്ചൽ മാത്യു (പ്രസിഡണ്ട്), പി.വി.അബിൽ, ജോർജ് (വൈസ് പ്രസിഡണ്ട്), അശ്വാന്ത്, അജോഷ് (ജന. സെക്രട്ടറി), വി.അരുൺ, കിരൺ (സെക്രട്ടറി), പി.വി.അബിൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

വിവാഹിതരായി

ഷിബ്നാസ് ഫാത്തിമ – അഖിൽ അഹമ്മദ്

തളിപ്പറമ്പ: ഒമാൻ നഗർ പാറോൽ പാലസിൽ അറബ് ഇന്റർനാഷണൽ ഉടമ പി.എ. നാസറിന്റെ മകൾ ഷിബ്നാസ് ഫാത്തിമ നാസറും പട്ടാമ്പി കൊപ്പത്ത് പാറമ്മൽ കെ.പി. അഹമ്മദ് കുട്ടിയുടെ മകൻ അഖിൽ അഹമ്മദും വിവാഹിതരായി.

അപേക്ഷ ക്ഷണിച്ചു

തളിപ്പറമ്പ: പാലകുളങ്ങര വിദ്യാകേന്ദ്രത്തിൽ വിവിധതരം കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഗുഡ് ഇംഗ്ലീഷ്, അച്ചീ ഹിന്ദി കോഴ്സുകൾക്ക് പത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാം. സ്പോക്കൺ ഹിന്ദി, ഇംഗ്ലീഷ് കോഴ്സുകൾ ഞായറാഴ്ചകളിൽ മാത്രമായിരിക്കും. ഫോൺ: 9961340377, 9497037710. നാലാംതരം, ഏഴാംതരം, പത്താംതരം, പ്ലസ്വൺ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യാൻ താല്പര്യമുള്ളവർ 9961340377, 9497037710 നമ്പറിൽ ബന്ധപ്പെടുക.

സി.പി.ഐ ഇരിക്കൂർ മണ്ഡലം സമ്മേളനം നടുവിൽ; പൊതുസമ്മേളനം ആനിരാജ ഉദ്ഘാടനം ചെയ്യും

ആലക്കോട്: സി.പി.ഐ ഇരിക്കൂർ മണ്ഡലം സമ്മേളനം 16, 17 തീയതികളിൽ നടുവിൽ നടക്കും. 16ന് വൈകുന്നേരം നാല് മണിക്ക് നടുവിൽ ടൗണിലെ പള്ളിപ്രം ബാലൻ നഗറിൽ പൊതുസമ്മേളനം സി.പി.ഐ ദേശീയ സെക്രട്ടേറിയറ്റംഗം ആനി രാജ ഉദ്ഘാടനം ചെയ്യും. ജില്ലാ സെക്രട്ടറി പി.സന്തോഷ്കുമാർ, അസി.സെക്രട്ടറി കെ.ടി.ജോസ് പ്രസംഗിക്കും. പ്രതിനിധി സമ്മേളനം 17ന് നടുവിൽ മിൽമ ഹാളിലെ എം.ഗോപി നഗറിൽ സി.പി.ഐ ദേശീയ കൗൺസിലംഗം സി.എൻ.ചന്ദ്രൻ ഉദ്ഘാടനം ചെയ്യും. പ്രമുഖ നേതാക്കൾ പങ്കെടുക്കും. മണ്ഡലം സമ്മേളനത്തിന്റെ നടത്തിപ്പിനായി കെ.സി.ജോർജ് ചെയർമാനും ടി.കെ.വത്സലൻ കൺവീനറുമായി വിപുലമായ സംഘാടക സമിതി രൂപീകരിച്ചു.

ഉദയഗിരി പഞ്ചായത്ത്
നബിദിന റാലി

ഉദയഗിരി പഞ്ചായത്ത് നബിദിന റാലിക്ക് കാർത്തികപുരം ധർമ്മശാസ്താ ക്ഷേത്ര കമ്മിറ്റി സ്വീകരണം നൽകുന്നു

നബിദിന റാലിക്ക് ക്ഷേത്ര കമ്മിറ്റി സ്വീകരണം നൽകി

കാർത്തികപുരം: നബിദിനാഘോഷത്തിന്റെ ഭാഗമായി ഉദയഗിരിയിൽ നിന്ന് കാർത്തികപുരത്തേക്ക് സംഘടിപ്പിച്ച റാലിക്ക് കാർത്തികപുരം ധർമ്മശാസ്താ ക്ഷേത്ര പരിസരത്ത് ക്ഷേത്ര കമ്മിറ്റി ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. വി.വി.അയ്യപ്പൻ നായർ, സോമൻ കൊന്നാങ്കൽ, മോഹനൻ കാട്ടുമറ്റത്തിൽ, മനോജ് കൂട്ടിനാൽ, കെ.എ. വാസുദേവൻ, വിനോദ് ഇടവക്കേടത്ത് നേതൃത്വം നൽകി.

കരുവൻചാൽ നൂറുൽ ഇസ്ലാം സംഘം
നബിദിന റാലി
അൽ മദ്രസ്സത്തുൽ ബദരിയ്യ കരുവൻചാൽ

കരുവഞ്ചാൽ നൂറുൽ ഇസ്ലം സംഘം സംഘടിപ്പിച്ച നബിദിന റാലി

നബിദിന റാലി നടത്തി

കരുവഞ്ചാൽ: കരുവഞ്ചാൽ മഹല്ല് കമ്മിറ്റി ആഭിമുഖ്യത്തിൽ നബിദിന റാലി സംഘടിപ്പിച്ചു. ഹക്കിം അബ്ദുൾനാസർ ചിശ്തി, എം.എ.വയനാട്, ടി.അബൂബക്കർ, എൻ.യു.അബ്ദുള്ള, അബ്ദുൽസത്താർ, സെയ്ത് മുഹമ്മദ്, കെ.പി.ഹാരീസ് നേതൃത്വം നൽകി.

തടിക്കടവ്: തടിക്കടവ് ജുമാ മസ്ജിദ് ആഭിമുഖ്യത്തിൽ നബിദിന റാലി സംഘടിപ്പിച്ചു. ഖത്തീബ് സൈതലവി ഫൈസി, കെ.ഇബ്രാഹിം, പി.എം.നൗഷാദ്, ഒ.മൊയ്തു, സി.എം.ഹംസ, പി.എസ്.നിഷാദ്, സനോഫ്, അബ്ദുൾറഷീദ് നേതൃത്വം നൽകി.

തടിക്കടവ് മഹല്ല്
നബിദിന റാലി

തടിക്കടവിൽ നടന്ന നബിദിന റാലി

ഐ.ടി.ഐ തൊഴിൽമേള കണ്ണൂരിൽ

കണ്ണൂർ: സർക്കാരിന് കീഴിലുള്ളതും അല്ലാത്തതുമായ ഐ.ടി.ഐകളിൽ നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്കായി തൊഴിൽമേള 11, 12 തീയതികളിൽ കണ്ണൂർ ഗവ. ഐ.ടി.ഐയിൽ നടക്കും. സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് നടപ്പാക്കുന്ന സ്പെക്ടം-2 തൊഴിൽ മേളയുടെ ജില്ലാതല പരിപാടിയാണിത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രമുഖ കമ്പിനികൾ പങ്കെടുക്കും. വിവിധ കമ്പനികളിലായി ആയിരത്തോളം ഒഴിവുണ്ടാകും. എൻ.സി.വി.ടി, എസ്.സി.വി.ടി സർട്ടിഫിക്കറ്റുകൾ ലഭിച്ച ഏതൊരാൾക്കും തൊഴിൽമേളയിൽ കൂടിക്കാഴ്ചക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ അതത് ഐ.ടി.ഐകളിൽ നിന്ന് ലഭ്യമാകുമെന്ന് സംഘാടക സമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. കണ്ണൂർ ഐ.ടി.ഐ പ്രിൻസിപ്പൽ എം.എ. ബാലകൃഷ്ണൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.കെ. പത്മനാഭൻ, കുറുമാത്തൂർ ഐ.ടി.ഐ പ്രിൻസിപ്പൽ കെ.വി. കുഞ്ഞിരാമൻ, ടി.കെ. മനോജ്, എം.പി. വൽസൻ പത്രസമ്മേളനത്തിൽ സംബന്ധിച്ചു. 11ന് രാവിലെ പത്ത് മണിക്ക് പി.കെ. ശ്രീമതി എം.പി. മേള ഉദ്ഘാടനം ചെയ്യും.

പുതുക്കി പണിത ഒളിമ്പിക് ടൂർസ് തുറന്നു

തളിപ്പറമ്പ: 25-ാംവാർഷികത്തോടനുബന്ധിച്ച് വിപുലമായ രീതിയിൽ പുതുക്കി പണിത ഒളിമ്പിക് ടൂർസ് ആന്റ് ട്രാവൽസ് തുറന്ന് പ്രവർത്തനമാരംഭിച്ചു. തളിപ്പറമ്പ് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് ഉദ്ഘാടനം ചെയ്തു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡണ്ട് കെ.എസ്. റിയാസ് ആദ്യ വിൽപ്പന നടത്തി. നബ്രാസ് എം.ഡി. നിസാർ അബ്ദുൾ റഹ്മാൻ ടിക്കറ്റ് ഏറ്റുവാങ്ങി.

മതേതര സംരക്ഷണ സദസ് ആറിന്

കണ്ണൂർ: ബാബ്റി മസ്ജിദ് തകർത്ത് കാൽനൂറ്റാണ്ട് തികയുന്ന ഡിസംബർ ആറിന് ജില്ലാ കേന്ദ്രങ്ങളിൽ രാഷ്ട്രീയ- സാമൂഹിക- സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന മതേതര സംരക്ഷണ സദസ് സംഘടിപ്പിക്കുമെന്ന് സേട്ട് സാഹിബ് സാംസ്കാരിക വേദി സംസ്ഥാന കമ്മിറ്റി അറിയിച്ചു.

അഷ്റഫ് പുറവൂർ അധ്യക്ഷത വഹിച്ചു. ചെയർമാൻ വി.കെ. അലവിഹാജി ഉദ്ഘാടനം ചെയ്തു. സി.എച്ച്. ഹമീദ് മാസ്റ്റർ, കരീം പുതുപ്പാടി, പി. സാലിം, പി.കെ. സുലൈമാൻ, സിറാജ് പത്തനംതിട്ട, പി.കെ. മൊയ്തുണ്ണി, ഒ.ടി. ബഷീർ, ഉമ്മർ പി. കുഞ്ഞ്, മൊയ്തീൻകുട്ടി പെരിന്തൽമണ്ണ, ഇസ്മായിൽ ഹാജി ആലപ്പുഴ, ലിയാകത്ത് കൊല്ലം, ഷമീർ വയനാട്, ഒ.വി. ഹമീദ്, ഷാജഹാൻ കോട്ടയം, കരീം കല്ലേരി തുടങ്ങിയവർ പ്രസംഗിച്ചു.

പുഷ്പാർച്ചന നടത്തി

ആലക്കോട്: ചീക്കാട്ടെ കെ.കെ.രാജൻ ബലിദാന ദിനാചരണത്തിന്റെ ഭാഗമായി ബി.ജെ.പി പ്രവർത്തകർ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. അനുസ്മരണ സമ്മേളനം എ.പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. പി.ഡി.ജയലാൽ അധ്യക്ഷത വഹിച്ചു. ആനിയമ്മ രാജേന്ദ്രൻ, കെ.ജെ.മാത്യു, എം.പി.രഘുകുമാർ പ്രസംഗിച്ചു.

ചീക്കാട്ടെ കെ.കെ.രാജൻ സ്മൃതി മണ്ഡപത്തിൽ ബി.ജെ.പി പ്രവർത്തകർ പുഷ്പാർച്ചന നടത്തുന്നു

പരിയാരം മടപ്പുര തിരുവപ്പന മഹോത്സവം 7 മുതൽ

പരിയാരം: കോരൻപീടികയിലെ പരിയാരം മുത്തപ്പൻ മടപ്പുരയിൽ തിരുവപ്പന മഹോത്സവം 7 മുതൽ പത്ത് വരെ ആഘോഷിക്കും. ഏഴിന് രാവിലെ 8.30ന് ഗണപതി ഹോമത്തോടെയാണ് തുടക്കമാകുക. വൈകീട്ട് നാലിന് കപ്പണത്തട്ട് ധർമ്മശാസ്താ ഭജന മന്ദിരത്തിൽ നിന്ന് കലവറ നിറയ്ക്കൽ ഘോഷയാത്ര ആരംഭിക്കും. തുടർന്ന് മടപ്പുരയിൽ ദീപാർച്ചനയും പായസദാനവും, വൈകീട്ട് ആറിന് സാംസ്കാരിക സമ്മേളനം തളിപ്പറമ്പ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെകടർ ജെ.എസ്. ശ്രീകുമാർ ഉദ്ഘാടനം ചെയ്യും. ഏഴ് മണിക്ക് മെഗാതിരുവാതിരയും നൃത്തനൃത്യങ്ങളും. രാത്രി എട്ടിന് സുനിൽ കോട്ടേമ്പ്രത്തിന്റെ ഒറ്റയാൻ ചിരിച്ചിന്തുകൾ അരങ്ങേറും. രണ്ടാം ദിവസമായ എട്ടിന് വൈകീട്ട് നാല് മണിക്ക് ദൈവത്തെ മലയിറക്കൽ. അഞ്ചിന് ഊട്ടും വെള്ളാട്ടം. ആറ് മണിക്ക് തിരുമുൽക്കാഴ്ച ഉദയപുരം ക്ഷേത്രത്തിൽ നിന്നാരംഭിക്കും. രാത്രി ഒമ്പത് മണിക്ക് നൃത്തസംഗീത നിശ അരങ്ങേറും. ഒമ്പതിന് പുലർച്ചെ അഞ്ച് മണിക്കാണ് തിരുവപ്പനയുടെ പുറപ്പാട്. തുടർന്ന് ഗുളികൻ തിറയും ഉണ്ടായിരിക്കും. പത്തിന് ഉച്ചക്ക് പയംകുറ്റി വെള്ളാട്ടത്തോടെ മഹോത്സവം സമാപിക്കും.

വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ യുവാവ് കാരുണ്യമതികളുടെ സഹായം തേടുന്നു

ആലക്കോട്: വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന യുവാവ് കാരുണ്യമതികളുടെ സഹായം തേടുന്നു. മണക്കടവ് രാജപുരം കവലയിലെ പ്ലാത്തറ മനോജാ(39)ണ് ഒക്ടോബർ 29ന് ചാലക്കുടിയിൽ വെച്ചുണ്ടായ അപകടത്തിൽ തലക്ക് മാരകമായി മുറിവേറ്റ് അബോധാവസ്ഥയിൽ മംഗലാപുരം എ.ജെ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്നത്. മനോജിന്റെ ജീവൻ രക്ഷിക്കുന്നതിനായി ഭാരിച്ച ചികിത്സാ ചെലവാണ് വേണ്ടി വരുന്നത്. ഇത് താങ്ങുന്നതിനുള്ള ഒരു വഴിയും മനോജിന്റെ നിർധന കുടുംബത്തിനില്ല. ഇവരുടെ ദയനീയ സ്ഥിതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഉദയഗിരി പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ ബീന സുരേഷ് ചെയർമാനായി നാട്ടുകാർ ചേർന്ന് മനോജ് ചികിത്സാ സഹായനിധി എന്ന പേരിൽ കമ്മിറ്റി രൂപീകരിച്ചു. കേരള ഗ്രാമീൺ ബാങ്ക് മണക്കടവ് ശാഖയിൽ 40448101018246 എന്ന നമ്പറിൽ അക്കൗണ്ടും ആരംഭിച്ചിട്ടുണ്ട്. മനോജിന്റെ ജീവൻ രക്ഷിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏവരും സഹകരിക്കണമെന്ന് കമ്മിറ്റി അഭ്യർത്ഥിച്ചു.

മനോജ്

തളിപ്പറമ്പ നാഷണൽ ഹൈവേയിൽ പുതുക്കി പണിത ഒളിമ്പിക് ടൂർസ് ആന്റ് ട്രാവൽസിന്റെ ഉദ്ഘാടനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിക്കുന്നു

കെ.വി. മൂസാൻകുട്ടി മാസ്റ്റർ ജന്മശതാബ്ദി

ബക്കളം: സ്വാതന്ത്ര്യസമര സേനാനിയും സി.പി.ഐ നേതാവുമായിരുന്ന കെ.വി. മൂസാൻകുട്ടി മാസ്റ്ററുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് കടമ്പേരി യുക്തി സ്റ്റഡി സർക്കിൾ അനുസ്മരണം സംഘടിപ്പിച്ചു. എ.ഐ.വൈ.എഫ്. സംസ്ഥാന സെക്രട്ടറി മഹേഷ് കക്കത്ത് ഉദ്ഘാടനം ചെയ്തു. പിള്ളയാടി ഉണ്ണികൃഷ്ണൻ അധ്യക്ഷനായി. പി. മുകുന്ദൻ, പി.എം. പ്രേംകുമാർ, സമദ് കടമ്പേരി, ടി. നാരായണൻ, പി. ബാലൻ നമ്പ്യാർ, പി. രവി എന്നിവർ സംസാരിച്ചു. പി. ഹരിശങ്കർ സ്വാഗതവും കെ. സുനിൽ നന്ദിയും പറഞ്ഞു.

കെ.വി.മൂസാൻകുട്ടി മാസ്റ്റർ
ജന്മശതാബ്ദി
സമ്മേളനം
2017 ഡിസംബർ 3ന് ഞായറാഴ്ച വൈകുന്നേരം 3 മണിക്ക്

കെ.വി. മൂസാൻകുട്ടി അനുസ്മരണം മഹേഷ് കക്കത്ത് ഉദ്ഘാടനം ചെയ്യുന്നു.

ഉപരോധം നടത്തിയിട്ടില്ല

പരിപ്പായി: ചെങ്ങളായി കൃഷിഭവന് മുന്നിൽ കർഷകർ ഉപരോധം നടത്തിയെന്ന വാർത്ത ശരിയല്ലെന്ന് പി.വി. രവീന്ദ്രൻ ഇ.കെ. ലക്ഷ്മണൻ, ടി.വി. രഘുവരൻ, കെ.വി. ബാലകൃഷ്ണൻ, കെ.വി. നാരായണൻ അറിയിച്ചു. വാഴ കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിനാണ് കർഷകർ കൃഷി ഓഫീസിൽ പോയത്. കർഷകർ കൃഷി ഉദ്യോഗസ്ഥരുമായി സംസാരിക്കുകയും പരാതികൾക്ക് പരിഹാരം കാണുമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതല്ലാതെ കൃഷിഭവന് മുന്നിൽ കർഷകർ സമരം നടത്തുകയോ കൃഷിഭവൻ പ്രവർത്തനം സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയോ ചെയ്തിട്ടില്ലെന്നും കർഷകർ ചൂണ്ടിക്കാട്ടി.

സി.പി.ഐ നേതാവും മുൻ മന്ത്രിയുമായ ഇ.ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ അനുശോചിച്ച് ആലക്കോട് ടൗണിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സി. മോഹനൻ പ്രസംഗിക്കുന്നു.

നടപടി മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം

മലയോരത്ത് സർക്കാർ കോളേജ്: നാടുകാണി എറങ്കോപൊയിലിൽ ഉന്നത സംഘം പരിശോധന നടത്തി

ആലക്കോട്: മലയോര മേഖല കേന്ദ്രമായി സർക്കാർ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി നാടുകാണിക്ക് സമീപത്തെ എറങ്കോപൊയിലിൽ ഉന്നത സംഘം സാധ്യതാ പഠനം നടത്തി. എറങ്കോപൊയിലിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 12 ഏക്കർ സ്ഥലത്ത് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറ്കടർ ഡോ. എൽസമ്മ ജോസഫിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്. മലയോരത്ത് ഗവ. കോളേജ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ജനതാദൾ (എസ്) ജില്ലാ സെക്രട്ടറി എം.പി. ജോയി മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് ഉന്നത സംഘം എറങ്കോപൊയിലിലെത്തിയത്. ചപ്പാരപ്പടവ് പഞ്ചായത്തിലും കൂവേരി വില്ലേജിലുമായാണ് എറങ്കോപൊയിലിലെ സ്ഥലം സ്ഥിതി ചെയ്യുന്നത്. ശുദ്ധജലം , വൈദ്യുതി, റോഡ് തുടങ്ങിയ സൗകര്യങ്ങൾ ഇവിടെ ലഭ്യമാണെന്ന് പഠന സംഘം വിലയിരുത്തി. കിൻഫ്രയുടെ കെട്ടിടങ്ങളും കോളേജിനായി ഉപയോഗപ്പെടുത്താമെന്ന് വിലയിരുത്തി. സ്ഥലത്തിന്റെ ലോക്കേഷൻ മാപ്പ്, സ്കെച്ച്, സർവ്വേ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസറെ ഉന്നത സംഘം ചുമതലപ്പെടുത്തി. ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡണ്ട് പി.ജെ. മാത്യു, ജില്ലാ പഞ്ചായത്ത് മെമ്പർ സുമിത്ര ഭാസ്ക്കരൻ, തഹസിൽദാർ അശോകൻ, ജനപ്രതിനിധികളായ പ്രമീള രാജൻ, എം. ലക്ഷ്മണൻ, ടി. പ്രഭാകരൻ, സി. ഷൈജു, എം.എ. ഷനീഷ്, തഹസിൽദാർ സഫിയുദീൻ, എം.പി. ജോയി, കെ.ജെ. ടോമി, സി.പി. മമ്മു എന്നിവരും സംഘത്തിലുണ്ടായിരുന്നു.

മലയോരത്ത് ഗവ. കോളേജ് അനുവദിക്കുന്നതിന്റെ ഭാഗമായി നാടുകാണി എറങ്കോപൊയിലിൽ ഉന്നത സംഘം സ്ഥലപരിശോധന നടത്തുന്നു.

ക്വാറി ഉൽപ്പന്നങ്ങളുടെ ക്ഷാമവും അന്യായ വിലക്കയറ്റവും പരിഹരിക്കണമെന്ന്

കണ്ണൂർ: പരിസ്ഥിതി അനുമതിയില്ലാത്തതിനാൽ സംസ്ഥാനത്ത് 2500ൽപ്പരം ക്വാറികൾ അടച്ചുപൂട്ടപ്പെട്ട സാഹചര്യം മൂലം ക്വാറി ഉൽപ്പന്നങ്ങൾക്കുണ്ടായിരുന്ന കടുത്ത ക്ഷാമവും അന്യായ വിലക്കയറ്റവും പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു.

ജില്ലാ കലക്ടർ അധ്യക്ഷനായ കമ്മിറ്റികൾ രൂപീകരിച്ച് പരിസ്ഥിതി അനുമതി നൽകൽ വേഗത്തിലാക്കുക, ക്വാറി ഉൽപ്പന്നങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്യുക, കടൽ മണൽ ഖനനം യാഥാർത്ഥ്യമാക്കുക തുടങ്ങിയവ സംസ്ഥാന സർക്കാർ ഉടനെ ചെയ്യേണ്ടതുണ്ട്. അല്ലാത്തപക്ഷം കിഫ്ബിയുടെ പ്രവൃത്തികൾ പോലും ഏറ്റെടുക്കാനാവാത്തസ്ഥിതിയുണ്ടാവും.

വാർത്താ സമ്മേളനത്തിൽ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് വർഗീസ് കണ്ണമ്പള്ളി, വർക്കിങ്ങ് പ്രസിഡണ്ട് ടി.എ. അബ്ദുൾറഹ്മാൻ, ജില്ലാ പ്രസിഡണ്ട് സി. രാജൻ, ഓർഗനൈസിങ്ങ് സെക്രട്ടറി എം.ടി. മുഹമ്മദ്കുഞ്ഞി പങ്കെടുത്തു.

വിൽപ്പനക്ക്

ഐസ്ക്രീം പാർലറിന് ആവശ്യമായ മുന്തിയ ഇനം സെക്കന്റ്ഹാന്റ് ഫർണ്ണിച്ചർ വിൽപ്പനക്ക്. ഉടൻ ബന്ധപ്പെടുക.

9447120440

ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്

തളിപ്പറമ്പ- മന്ന ആലക്കോട് റോഡിൽ പ്രവർത്തനമാരംഭിക്കുന്ന ടോയ്സ് ആന്റ് കിഡ്സ്വെയർ ഷോപ്പിലേക്ക് ലേഡി സ്റ്റാഫിനെ ഉടൻ ആവശ്യമുണ്ട്. പരിസരത്തുള്ളവർക്ക് മുൻഗണന.

9744475258
9207474494

വിൽപ്പനക്ക്

തളിപ്പറമ്പ (NH) വളക്കൈ, നിടുവാലൂർ റോഡ് സൈഡിൽ ഇരുനില, 8 മുറികൾ ഉള്ള കെട്ടിടം വിൽപ്പനക്ക്

9947507554
7012018110
9895730795

ഹൗസ് പ്ലോട്ട് വിൽപ്പനക്ക്

ഏഴാംമൈലിൽ ബാംബു ഫ്രഷ് ഹോട്ടലിന്റെ എതിർവശം കുട്ടിമാവ് റോഡിൽ 7 സെന്റ് സ്ഥലം വിൽപ്പനക്ക്. (ബ്രോക്കർമാർ ബന്ധപ്പെടേണ്ടതില്ല)

9400405617

6 മാസം കൊണ്ട് SSLC/+2

SSLC പാസ്സായവർക്ക് +2 കോഴ്സിനും 15 വയസ്സ് പൂർത്തിയായവർക്ക് SSLC ക്കും ചേരാം.
SSLC / +2 തോറ്റവർക്ക് തോറ്റ വിഷയം മാത്രം എഴുതി പാസ്സാകം.

6 മാസം കൊണ്ട്
BA/BCom/BCA/BBA/MBA/ MCA/ MCom/MA/MPhil etc./
(Break - in - Study)

ഡിപ്ലോമ കഴിഞ്ഞവർക്ക് ഡിഗ്രി
Air Line Management, Hotel Management, Travel & Tourism etc.

IASE COLLEGE
Payyannur : 04985209624
Taliparamba: 04602249266
Mob: 9895565624, 9895900114